**ഹെഡ്കോൺസ്റ്റബിൾ എ.എസ്.ഐ. എന്നീ തസ്തികകളിലെ ഒഴിവുകൾ**

119 (1054) ശ്രീ. കെ. പി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിൽ ഹെഡ്കോൺസ്റ്റബിൾമാരുടെ എത്ര ഒഴിവുകളുണ്ട് ;

(ബി) എ.എസ്.ഐ മാരുടെ എത്ര ഒഴിവുകളുണ്ട് ;

(സി) ഒഴിവുകൾ എന്നത്തേയ്ക്ക് നികത്തുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കൊല്ലം ജില്ലയിൽ ഹെഡ്കോൺസ്റ്റബിൾമാരുടെ 9 ഒഴിവുകൾ ഉണ്ട്.

(ബി) എ.എസ്.ഐ. മാരുടെ 9 ഒഴിവുകൾ ഉണ്ട്.

(സി) ഒഴിവുകൾ നികത്തുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചു വരുന്നു.

**ജില്ലാ ആംഡ് റിസർവിലെ അനധികൃത സ്പോർട്സ് ക്വാട്ടാ നിയമനം**

120 (1055) ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പോലീസ് സേനയിൽ സ്പോർട്സ് ക്വാട്ടാ നിയമനം സർക്കാർ ഉത്തരവ് പ്രകാരം ഏത് വിഭാഗമാണ് നടത്തേണ്ടത് ;

(ബി) ഈ ഉത്തരവിന് വിരുദ്ധമായി ആംഡ് പോലീസ് ബറ്റാലിയനിൽ സബ് ഇൻസ്പെക്ടർ തസ്തിക ഒഴിവില്ലാത്തതിനാൽ താൽക്കാലികമായി ശ്രീ. ബിജുകുമാർ എന്നയാളെ ജില്ലാ ആംഡ് റിസർവിൽ സബ് ഇൻസ്പെക്ടർ ആയി നിയമിച്ചുവോ ;

(സി) ശ്രീ. ബിജുകുമാറിനെ നിയമപരമായി നിയമിക്കേണ്ട ആംഡ് പോലീസ് ബറ്റാലിയനിലേയ്ക്ക് മാറ്റത്തിന്റെ കാരണം എന്താണ് ;

(ഡി) ശ്രീ. ബിജുകുമാറിനെ ആംഡ് പോലീസ് ബറ്റാലിയനിലേക്ക് മാറ്റുന്നതിന് മുന്നോടിയായി പോലീസ് ഹെഡ്ക്വാർട്ടേഴ്സിൽ നിന്ന് പ്രസ്തുത വ്യക്തിക്ക് ഷോക്കാസ് നോട്ടീസ് നൽകിയിരുന്നുവോ ;

(ഇ) ഇതുപോലുള്ള നിയമവിരുദ്ധനിയമനങ്ങൾ അച്ചടക്കസേനയായ പോലീസിൽ മോശമായ കീഴ്വഴക്കങ്ങൾ സൃഷ്ടിച്ചിട്ടുണ്ട് എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) എങ്കിൽ തിരുവനന്തപുരം സിറ്റി ആംഡ് റിസർവിൽ അസിസ്റ്റന്റ് കമാണ്ടന്റ് ആയ ശ്രീ. ബിജുകുമാറിനെ ആംഡ് പോലീസ് ബറ്റാലിയനിൽ അസിസ്റ്റന്റ് കമാണ്ടന്റ് ആയി മാറ്റുവാനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly